കെ.എസ്.ആർ.ടി.സി.-യിലെ ഡ്രൈവർമാരുടെ ഒഴിവുകൾ

107 [2244] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.-യിലെ ഡ്രൈവർമാരുടെ ഒഴിവുകൾ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഡ്രൈവർമാരെ പി.എസ്.സി. വഴി നിയമിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഡ്രൈവർമാരുടെ 2618 ഒഴിവുകളുണ്ട്.

(ബി, സി) കെ.എസ്.ആർ.ടി.സി.-യിലെ ഡ്രൈവർമാരുടെ ആയിരം ഒഴിവുകൾ അടിയന്തിരമായി നികത്തണമെന്ന് 8-10-2004-ൽ പി.എസ്.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് പി.എസ്.സി. അപേക്ഷ ക്ഷണിക്കുകയും എഴുത്തു പരീക്ഷ നടത്തുകയും ചെയ്തിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യിലെ ഡ്രൈവർമാരുടെ ഒഴിവുകൾ

108 [2245] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ എത്ര ഡ്രൈവർമാരുടെ ഒഴിവുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കെ.എസ്.ആർ.ടി.സി.-യിൽ പി.എസ്.സി. വഴി ഡ്രൈവർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ എതുവരെയായി എന്ന് വെളിപ്പെടുത്തുമോ;

(സി) കെ.എസ്.ആർ.ടി.സി.-യിൽ പി.എസ്.സി. വഴി നിയമനം ലഭിച്ച എത്ര ഡ്രൈവർമാരുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി.-യിലേക്കുള്ള മുഴുവൻ നിയമനങ്ങളും സമയബന്ധിതമായി പി.എസ്.സി. വഴി നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ 2618 ഡ്രൈവർമാരുടെ ഒഴിവുകളുണ്ട്.

(ബി) ഒഴിവുകൾ 8-10-2004-ൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതനുസരിച്ച് പി.എസ്.സി. അപേക്ഷ ക്ഷണിക്കുകയും എഴുത്തു പരീക്ഷ നടത്തുകയും ചെയ്തിട്ടുണ്ട്.

(സി) 1-7-2005-ലെ കണക്കനുസരിച്ച് പി.എസ്.സി. വഴി നിയമനം ലഭിച്ച 8107 സ്ഥിരം ഡ്രൈവർമാർ നിലവിലുണ്ട്.

(ഡി) സ്വീകരിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly